ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി1/7942/2016/സിഇ/തസ്വഭവ

തീയതി: 19.12.2016

## സർക്കുലർ

വിഷയം : തസ്വഭവ - ഇ-ടെണ്ടറിംഗ് - നിരതദ്രവ്യം കരാറുകാർക്ക് മടക്കി നൽകുന്നത് - സംബന്ധിച്ച്

സൂചന: 02.11.2016 ലെ ഇതേ നം. കത്ത്

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ള ത്രിതല പഞ്ചായത്തുകളുടെ ഇ.എം.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളുടെ ഇ.എം.ഡി അതാത് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപന എഞ്ചിനീയറിംഗ് വിഭാഗം മേധാവികളുടെ എസ്.ബി.റ്റി ബാങ്ക് അക്കൗണ്ടിൽ ആണ് നിക്ഷേപിക്കുന്നത്. ഇ-ടെണ്ടർ പൂർത്തിയായി എ.ഒ.സി നൽകുന്ന അവസരത്തിൽ ബിഡേഴ്സുമാരുടെ ഇ.എം.ഡി Manual ആയി തിരികെ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇതൊഴിവാക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശം നൽകുന്നു.

ഇനി മുതൽ കരാറിൽ ഏർപ്പെടുന്ന സമയത്ത് (AOC upload ചെയ്യുന്നതിന് മുമ്പ്) Agreement authority 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് മുഴുവനായും കരാറുകാരിൽ നിന്നും സ്വീകരിക്കേണ്ടതാണ്. ടെണ്ടർ നടപടി പൂർത്തീകരിച്ച് എ.ഒ.സി upload ചെയ്യുമ്പോൾ ഇ.എം.ഡി തുക ബിഡറുടെ അക്കൗണ്ടിലേക്ക് തന്നെ തിരികെ പോകുന്നതാണ്. മേൽ വിധത്തിൽ ക്രമീകരണം നടത്തുന്നതിന് ഇ-ടെണ്ടറിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന് സൂചന (1) പ്രകാരം നിർദ്ദേശം നൽകുന്നുണ്ട്.

പല ജില്ലാ പഞ്ചായത്തുകളും, മറ്റ് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മേൽ ക്രമീകരണം മുന്നേതന്നെ നടപ്പിലാക്കിയിട്ടുണ്ട്. ടി സംവിധാനം നിലവിലില്ലാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ 26.12.2016 മുതൽ മേൽ ക്രമീകരണം സംസ്ഥാന ഐ.റ്റി. മിഷൻ നടപ്പിലാക്കുന്നുണ്ട്. ആയത് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

പകർപ്പ് :എല്ലാ എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾക്കും